**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4277** **18-07-2022 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്ന് മീറ്റർ റീഡർ, സബ് എഞ്ചിനീയർ എന്നീ തസ്തികകളിലേക്ക് എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; മീറ്റർ റീഡർ, സബ് എഞ്ചിനീയർ എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്? | (എ) | കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കെ.പി.എസ്.സി.) റാങ്ക്ലിസ്റ്റിൽ നിന്ന് മീറ്റർ റീഡർ തസ്തികയിലേക്ക് 218 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. സബ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ റാങ്ക് ലിസ്റ്റില്ല. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിലെ സാങ്ഷൻഡ് സ്ട്രെങ്ങ്തിന്റെ അടിസ്ഥാനത്തിൽ കെ.പി.എസ്.സി മുഖാന്തിരം നിയമനം നടത്തുന്ന 30% ക്വാട്ടയിലെ 245 ഒഴിവുകൾ ഉൾപ്പെടെ 444 ഒഴിവുകൾ നിലവിലുണ്ട്. സബ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിലവിൽ 136 ഒഴിവുകളുണ്ടെങ്കിലും കെ.പി.എസ്.സി മുഖാന്തിരം നിയമനം നടത്തുന്ന 15% ക്വാട്ടയിൽ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ